**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1322** **01-02-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം - ചിറ്റാർ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണാനുമതി ലഭിച്ച വാമനപുരം - ചിറ്റാർ റോഡിന്റെ കരാറുകാരനെ ഒഴിവാക്കി നടന്ന ടെണ്ടർ നടപടി അംഗീകരിക്കുന്നതിനായി 19.11.2022-ൽ കെ.ആർ.എഫ്.ബി. സർക്കാരിന് സമർപ്പിച്ച ശിപാർശയിന്മേൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | വാമനപുരം - ചിറ്റാർ റോഡിന്റെ ബാലൻസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് 19.11.2022-ൽ കെ.ആർ.എഫ്.ബി.-യിൽ നിന്ന് സമർപ്പിച്ച ശിപാർശ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നതും യഥാർത്ഥ പ്രവൃത്തിയും, ബാലൻസ് പ്രവൃത്തിയും യഥാക്രമം DSR-2016, DSR-2018 എന്നിങ്ങനെ വ്യത്യസ്ഥ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതിനാൽ ഭാവിയിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയമ പ്രശ്നങ്ങൾ ഉയർന്നുവരാൻ സാധ്യതയുണ്ടോ എന്നത് കൂടി പരിശോധിക്കണമെന്ന ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മേൽ വിഷയത്തിൽ കെ.ആർ.എഫ്.ബിയിൽ നിന്ന് റിപ്പോർട്ട് തേടി നിയമവകുപ്പിന്റെ അഭിപ്രായത്തിന് നൽകിയിരുന്നതും എന്നാൽ ബാലൻസ് ഷെഡ്യൂൾ യഥാർത്ഥ DSR അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്ന് PWD Manual-ൽ നിബന്ധന ചെയ്തിട്ടുള്ളതായി കാണുന്നില്ല എന്ന് നിയമ വകുപ്പിൽ നിന്ന് അഭിപ്രായം നൽകിയിട്ടുള്ളതുമാണ്. തുടർന്ന് വിഷയം മന്ത്രിസഭ മുൻപാകെ സമർപ്പിക്കുന്നതിന് മുന്നോടിയായി ബിഡ് വാലിഡിറ്റി ദീർഘിപ്പിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ കെ.ആർ.എഫ്.ബി.-യിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബിഡ് വാലിഡിറ്റി നീട്ടുവാൻ സാധിക്കില്ലാ എന്ന് അറിയിച്ചുകൊണ്ട് ബിഡ്ഡർ KRFB PMU ന് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ അംഗീകരിച്ച അടങ്കൽ തുക എത്രയാണെന്നും ഒഴിവാക്കപ്പെട്ട കരാറുകാരന് ഇതുവരെ എത്ര തുക നൽകിയിട്ടുണ്ടെന്നും എത്ര തുകയ്ക്കാണ് പുതിയ ടെണ്ടർ നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (ബി) | 24.83 കോടി രൂപയാണ് അംഗീകരിച്ച അടങ്കൽ തുക. ഒഴിവാക്കപ്പെട്ട കരാറുകാരന് ഇതുവരെ 16.33 കോടി രൂപ നൽകിയിട്ടുണ്ട്. 9.07 കോടി രൂപയ്ക്കാണ് പുതിയ ടെണ്ടർ നടത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത റോഡിൽ ഇനി അവശേഷിക്കുന്നതെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കാമോ? | (സി) | ഡ്രൈയ്നേജ് വർക്കുകൾ, ബി.സി. വർക്കുകൾ, റോഡ് സുരക്ഷാ വർക്കുകൾ എന്നിവയാണ് ഇനി അവശേഷിക്കുന്നത്. ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ചിട്ടില്ല. അതേസമയം ഒഴിവാക്കപ്പെട്ട കരാറുകാരൻ 02/01/2024 ൽ ടെർമിനേഷൻ റിവോക്ക് ചെയ്ത്, ബാക്കി പ്രവൃത്തികൂടി പൂർത്തീകരിക്കുവാൻ അനുവദിക്കണമെന്ന് കെ.ആർ.എഫ്.ബി – പി.എം.യു തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിൻ മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ